സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 59 ലക്കം: 194 2024 നവംബർ 21 വ്യാഴം പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സി പി ഐ ഓഫീസ് തകർത്ത കേസിലെ പ്രതികളെ അറസ്റ്റ് ചെയ്തു

അന്തിക്കാട്: കുറുമ്പിലാവ് സിപിഐ ലോക്കൽ കമ്മറ്റി ഓഫീസ് അടിച്ചു തകർത്ത കേസിലെ പ്രതികളെ അന്തിക്കാട് പോലീസ് അറസ്റ്റ് ചെയ്തു. പഴുവിൽ സ്വദേശികളായ പൊറ്റെക്കാട്ട് മണികണ്ഠൻ (52), വലിയപറമ്പിൽ അമൽരാജ് (24) എന്നിവരേയാണ് ഇരിങ്ങാലക്കുട ഡിവൈഎസ്പി കെ.സുരേഷ്, എസ് ഐ കെ അജിത്ത് എന്നിവരുടെ നേതൃത്വത്തിലുള്ള പോലീസ് സംഘം അറസ്റ്റ് ചെയ്തത്.

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

കുന്തം, കുടച്ചക്രം, ഭരണഘടന തന്ന ഊരാക്കുടുക്ക്; സജി ചെറിയാൻ കേസിന്റെ നാൾവഴികൾ

കൊച്ചി: ഭരണഘടനാ വിരുദ്ധ പരാമർശത്തിൽ മന്ത്രി സജി ചെറിയാനെതിരേ പുനരന്വേഷണത്തിന് ഉത്തരവിട്ടിരിക്കുകയാണ് കേരള ഹൈക്കോടതി. മന്ത്രിക്കെതിരായ കുറ്റം നിലനിൽക്കില്ലെന്ന പോലീസ് റിപ്പോർട്ടും ഈ റിപ്പോർട്ട് അംഗീകരിച്ച മജിസ്ട്രേറ്റ് റിപ്പോർട്ടും തള്ളിക്കൊണ്ടാണ് കോടതി ഉത്തരവ്. സംസ്ഥാന പോലീസ് മേധാവി, ക്രൈംബ്രാഞ്ചിലെ വിശ്വാസ്യതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നും കോടതി വ്യക്തമാക്കിയിരിക്കുകയാണിപ്പോൾ.

2022 ജൂലായിൽ മല്ലപ്പള്ളിയിൽ നടന്ന പ്രതിവാര രാഷ്ട്രീയ നിരീക്ഷണം നൂറിന്റെ നിറവിൽ എന്ന പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നതിനിടെയാണ് വിവാദമായ പരാമർശങ്ങൾ വരുന്നത്. ഭരണഘടനയ്ക്കെതിരേ രൂക്ഷമായ വിമർശനങ്ങളാണ് അന്ന് മന്ത്രി നടത്തിയത്. ഇത് വലിയ രാഷ്ട്രീയ കോളിളക്കങ്ങൾക്കും അനന്തരം മന്ത്രിസ്ഥാനം തെറിക്കുന്നതിലേക്കുവരെയും നയിച്ചു.

ജനങ്ങളെ ഏറ്റവും കൂടുതൽ കൊള്ളയടിക്കാൻ പറ്റിയ ഭരണഘടനയാണ് ഇന്ത്യയുടേതെന്നും ഇതിന്റെ മുക്കും മൂലയിലുമെല്ലാം കുറച്ച് നല്ല കാര്യങ്ങൾ എന്ന പേരിൽ ജനാധിപത്യം, മതേതരത്വം, കുന്തം, കുടച്ചക്രം എന്നെല്ലാം എഴുതിവെച്ചുവെന്നതല്ലാതെ സാധാരണക്കാരെ ചൂഷണം ചെയ്യുക എന്നത് മാത്രമാണ് ഇതിന്റെ ഉദ്ദേശ്യമെന്നും സജി ചെറിയാൻ അന്ന് പറഞ്ഞിരുന്നു.

'മനോഹരമായ ഭരണഘടനയാണ് ഇന്ത്യയിൽ എഴുതിവെച്ചിരിക്കുന്നതെന്ന് നമ്മൾ എല്ലാവരും പറയും. രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ടത്. ഞാൻ പറയും ഇന്ത്യയിലെ ഏറ്റവും കൂടുതൽ ജനങ്ങളെ കൊള്ളയടിക്കാൻ പറ്റിയ ഭരണഘടനയാണ് എഴുതിവച്ചിരിക്കുന്നത്. ബ്രിട്ടീഷുകാരൻ പറഞ്ഞ് തയ്യാറാക്കി കൊടുത്ത ഒരു ഭരണഘടന ഇന്ത്യാക്കാർ എഴുതി വച്ചു. അത് ഈ രാജ്യത്ത് 75 വർഷമായി നടപ്പാക്കുന്നതിന്റെ ഭാഗമായി രാജ്യത്ത് ഏതൊരാൾ പ്രസംഗിച്ചാലും ഞാൻ സമ്മതിക്കില്ല. ഈ രാജ്യത്ത് ഏറ്റവും കൂടുതൽ കൊള്ളയടിക്കാൻ പറ്റിയ ഏറ്റവും മനോഹരമായ ഭരണഘടനയെന്ന് ഞാൻ പറയും'.

ഇതിന്റെ മുക്കും മൂലയിലുമെല്ലാം കുറച്ച് നല്ല കാര്യങ്ങൾ എന്ന പേരിൽ ജനാധിപത്യം, മതേതരത്വം, കുന്തം, കുടച്ചക്രം എന്നെല്ലാം എഴുതിവെച്ചുവെന്നതല്ലാതെ സാധാരണക്കാരെ ചൂഷണം ചെയ്യുക എന്നത് മാത്രമാണ് ഇതിന്റെ ഉദ്ദേശ്യം. തൊഴിലാളികളുടെ സമരം പോലും അംഗീകരിക്കാത്ത രാജ്യമാണ് ഇന്ത്യ. അതിന് കാരണം ഇന്ത്യൻ ഭരണഘടനയാണ്. തൊഴിലാളി ചൂഷണത്തെ അംഗീകരിക്കുന്ന ഭരണ ഘടന. രാ

ജ്യത്ത് അംബാനിയും അദാനിയുമെല്ലാം വളർന്ന് വരാൻ കാരണം ഇന്ത്യൻ ഭരണഘടന അവർക്ക് നൽകുന്ന പരിരക്ഷയാണ്. അവർക്കെതിരെ എത്രപേർക്ക് സമരം ചെയ്യാൻ പറ്റും.

കോടതിയും, പാർലമെന്റുമെല്ലാം മുതലാളിമാർക്കൊപ്പമാണ്. മുതലാളിമാർക്ക് അനുകൂലമായി മോദി സർക്കാരിനെ പോലുള്ളവർ തീരുമാനമെടുക്കുന്നതും പ്രവർത്തിക്കുന്നതും ഇന്ത്യൻ ഭരണഘടന അവർക്കൊപ്പമാണ് എന്നതിന്റെ തെളിവാണ്.

ന്യായമായ കൂലി ചോദിക്കാൻ പറ്റുന്നില്ല. കോടതിയിൽ പോയാൽ പോലും മുതലാളിമാർക്ക് അനുകൂലമായിട്ടായിരിക്കും തീരുമാനമുണ്ടാവുക. ഇന്ന് കയ്യൂക്കുള്ളവൻ കാര്യക്കാരനാവുന്നത് ഭരണകൂടം അവർക്ക് അനുകൂലമാവുന്നത് കൊണ്ടാണ്. തൊഴിൽ നിയമങ്ങൾ ഇല്ലാതാവുന്നത് ഈ ഭരണഘടനാ നിയമങ്ങൾ രാജ്യത്ത് നടപ്പിലാക്കുന്നത് കൊണ്ടാണ്. എട്ടുമണിക്കൂർ ജോലി എട്ടുമണിക്കൂർ വിശ്രമം എന്ന തൊക്കെ ഇല്ലാതായി. ഇവർക്ക് ഈ ഭരണഘടന സംരക്ഷണം നൽകുന്നുണ്ടോ? നാട്ടിലുണ്ടാകുന്ന ഏത് പ്രശ്നത്തിനും കാരണം തൊഴിലാളി സംഘടനകളാണ് എന്നാണ് കുറ്റപ്പെടുത്തുന്നത്. കൂലികിട്ടാത്ത കാര്യം ചോദ്യം ചെയ്ത് കോടതിയിൽ പോയാൽ ആദ്യം ചോദിക്കുന്നത് എന്തിനാണ് സമരം ചെയ്തത് എന്നാണ്...'

പ്രസംഗത്തെത്തുടർന്ന് മന്ത്രി രാജിവയ്ക്കണമെന്ന ആവശ്യം പല കോണുകളിൽനിന്ന് ഉയർന്നു. ഭരണഘടനയെത്തൊട്ടുള്ള കളിയായതിനാൽ സ്വന്തം പാർട്ടിക്കുപോലും പിന്തുണക്കാനാവുന്ന സ്ഥിതിയായിരുന്നില്ല. നിയമസഭയിലും പുറത്തും ഇതേച്ചൊല്ലി പ്രതിഷേധങ്ങളുണ്ടായി. ഗവർണർ ആരിഫ് മുഹമ്മദ് ഖാനും വിഷയത്തിൽ ഇടപെട്ടതോടെ വിവാദം കടുത്തു. തന്റെ പ്രസംഗം ഉദ്ദേശിക്കാത്ത അർഥം നൽകിവ്യാഖ്യാനിക്കപ്പെട്ടു എന്നായിരുന്നു സഭയിൽ സജി ചെറിയാൻ നൽകിയ വിശദീകരണം.

ഒടുവിൽ മുഖ്യമന്ത്രിയും കൊടിയേരി ബാലകൃഷ്ണനും ഉൾപ്പെടെ എ.കെ.ജി. സെന്ററിൽ ചേർന്ന യോഗത്തിനൊടുവിൽ സജി ചെറിയാൻ രാജിവെയ്ക്കട്ടെ എന്ന നിലപാടിലെത്തി. ഉന്നതമായ രാഷ്ട്രീയ ധാർമികത ഉയർത്തിപ്പിടിച്ചുകൊണ്ട് മന്ത്രി സ്ഥാനം രാജിവയ്ക്കുകയാണെന്ന് സജി ചെറിയാൻ പ്രഖ്യാപിച്ചു. രാജിവെച്ചെങ്കിലും പകരം മന്ത്രിയെ വെച്ചില്ല. സജി ചെറിയാൻ കൈകാര്യം ചെയ്ത സാംസ്കാരിക, ഫിഷറീസ് വകുപ്പുകൾ മുഖ്യമന്ത്രി ഏറ്റെടുത്തു.

എന്നാൽ ഭരണഘടനയെ അവഹേളിച്ചെന്ന കേസിൽ സജി ചെറിയാനെ കുറ്റവിമുക്തനാക്കിയാണ് പോലീസ് റിപ്പോർട്ട് സമർപ്പിച്ചത്. സജി ചെറിയാൻ ഭരണഘടനയെ അവഹേളിച്ചിട്ടില്ലെന്നും വിമർശിക്കുക മാത്രമാണ് ചെയ്തതെന്ന് റിപ്പോർട്ടിൽ വ്യക്തമാക്കി. ബ്രിട്ടീഷുകാർ പറയുന്നതനുസരിച്ച് എഴുതപ്പെട്ട ഭരണഘടന തൊഴിലാളി വർഗത്തെ ചൂഷണത്തിലേക്ക് ഇരയാക്കുന്നതാണ് എന്നുള്ള വിമർശനം മാത്രമാണ് സജി ചെറിയാൻ നടത്തിയത് എന്ന നിഗമനത്തിലേക്കാണ് പോലീസ് എത്തിച്ചേർന്നത്. അതനുസരിച്ചുള്ള റിപ്പോർട്ടാണ് കോടതിയിൽ സമർപ്പിച്ചത്.

അതോടെ മൊസത്തെ ഇടവേളയ്ക്കുശേഷം സജി ചെറിയാൻ വീണ്ടും മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സത്യവാചകം ചൊല്ലിക്കൊടുത്തു. അതേസമയം സജി ചെറിയാൻ വീണ്ടും മന്ത്രിയാകുന്നതിനോടുള്ള വിയോജിപ്പ് ഗവർണർ മുഖ്യമന്ത്രിയെ അറിയിച്ചശേഷമാണ് സത്യപ്രതിജ്ഞയ്ക്ക് അനുമതി നൽകിയത്.

കെ.കെ. രാമചന്ദ്രൻ നായരുടെ നിര്യാണത്തെത്തുടർന്ന് 2018-ൽ ചെങ്ങന്നൂരിൽ നടന്ന ഉപതിരഞ്ഞെടുപ്പിലാണ് ആദ്യമായി സജി ചെറിയാൻ നിയമസഭാംഗമാകുന്നത്. 2021-ൽ വീണ്ടും ജയിച്ച് മന്ത്രി സഭയിലെത്തി. രാജിയിലേക്കുനയിച്ച 2022 ജൂലായ് മൂന്നിന് നടത്തിയ പ്രസംഗത്തിന്റെ വീഡിയോ ഫെയ്സ്ബുക്കിൽ പങ്കുവെച്ചിരുന്നു.

ഭരണഘടനാ വിരുദ്ധ പരാമർശം; മന്ത്രി സജി ചെറിയാന് തിരിച്ചടി;

പുനരന്വേഷണത്തിന് ഹൈക്കോടതി ഉത്തരവ്

കൊച്ചി: ഭരണഘടനാവിരുദ്ധ പരാമർശത്തിൽ മന്ത്രി സജി ചെറിയാന് തിരിച്ചടി. സജി ചെറിയാനെതിരേ കുറ്റം നിലനിൽക്കില്ലെന്ന പോലീസ് റിപ്പോർട്ടും ഈ റിപ്പോർട്ട് അംഗീകരിച്ച മജിസ്ട്രേറ്റ് റിപ്പോർട്ടും ഹൈക്കോടതി തള്ളി. കേസിൽ പുനരന്വേഷണത്തിനും ഹൈക്കോടതി ഉത്തരവിട്ടു. സംസ്ഥാന പോലീസ് മേധാവി ക്രൈംബ്രാഞ്ചിലെ വിശ്വാസ്യതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നും കോടതി വ്യക്തമാക്കി. കേസിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട് വലിയ പാളിച്ചകളാണ് സംഭവിച്ചിട്ടുള്ളത്. കൃത്യമായ മൊഴി രേഖപ്പെടുത്തുകയോ വേണ്ടുന്ന തെളിവുകൾ ശേഖരിക്കുകയോ ചെയ്തില്ല. വേദിയിൽ ഉണ്ടായിരുന്നവരുടെ മൊഴികൾ മാത്രമാണ് അന്വേഷണ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയിട്ടുള്ളതെന്നും കോടതി ചൂണ്ടികാട്ടി.

മല്ലപ്പള്ളിയിലെ വിവാദ പ്രസംഗത്തിൽ അവിടെ ഉണ്ടായിരുന്നവരുടേതല്ലാതെ മറ്റൊരാളുടേയും മൊഴി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ സംഭവവുമായി ബന്ധപ്പെട്ട് പെൻഡ്രൈവ്, സി സിടിവി ദൃശ്യങ്ങൾ എന്നിവ ഫോറൻസിക് പരിശോധനക്ക് അയച്ചിരുന്നു. അതിന്റെയെല്ലാം ഫലം വരുന്നതിന് മുമ്പാണ് കേസിന്റെ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചത്. ഇവയെല്ലാം ചൂണ്ടികാട്ടിയാണ് അന്വേഷണം കൃത്യമായിരുന്നില്ലെന്ന് ഹൈക്കോടതി നിരീക്ഷിച്ചത്. മന്ത്രിയെ രക്ഷിച്ചെടുക്കാൻ വേണ്ടി മാത്രമാണ് അന്വേഷണം നടത്തിയതെന്നും കോടതി പറയുന്നു.

ഭരണഘടനയെ അവഹേളിച്ചെന്ന കേസിൽ സജി ചെറിയാനെ കുറ്റവിമുക്തനാക്കിയാണ് പോലീസ് റിപ്പോർട്ട് സമർപ്പിച്ചത്. സജി ചെറിയാൻ ഭരണഘടനയെ അവഹേളിച്ചിട്ടില്ലെന്നും വിമർശിക്കുക മാത്രമാണ് ചെയ്തതെന്ന് റിപ്പോർട്ടിൽ പറയുന്നു. ബ്രിട്ടീഷുകാർ പറയുന്നതനുസരിച്ച് എഴുതപ്പെട്ട ഭരണഘടന തൊഴിലാളി വർഗത്തെ ചൂഷണത്തിലേക്ക് ഇരയാക്കുന്നതാണ് എന്നുള്ള വിമർശനം മാത്രമാണ് സജി ചെറിയാൻ നടത്തിയത് എന്ന നിഗമനത്തിലേക്കാണ് പോലീസ് എത്തിച്ചേർന്നത്. അതനുസരിച്ചുള്ള റിപ്പോർട്ടാണ് കോടതിയിൽ സമർപ്പിച്ചത്.

മല്ലപ്പള്ളിയിൽ നടന്ന ഒരു പൊതുചടങ്ങിനിടെ ഭരണഘടനയെ വിമർശിക്കുന്ന തരത്തിൽ സജി ചെറിയാൻ സംസാരിച്ചുവെന്ന പരാതിയാണ് വിമർശനങ്ങൾക്ക് വഴി തുറന്നത്. സംഭവം വലിയ വിവാദമായതോടെ അദ്ദേഹം മന്ത്രിസ്ഥാനം രാജിവെക്കുകയും ചെയ്തിരുന്നു. പിന്നീട് കുറ്റവിമുക്തനായതോടെ മന്ത്രി സ്ഥാനത്തേക്ക് തിരിച്ചെത്തുകയായിരുന്നു.

എന്നാൽ മന്ത്രി സ്ഥാനത്തുനിന്ന് മാറ്റി നിർത്തിയെങ്കിലും കേസിൽ കോടതിയിൽനിന്ന് തീർപ്പുണ്ടാകുന്നതിനുമുമ്പ് അദ്ദേഹത്തെ മന്ത്രിസഭയിലേക്ക് തിരിച്ചെത്തിക്കാൻ സിപിഎം തീരുമാനം എടുത്തതിനെതിരെ വിമർശനം ഉയർന്നിരുന്നു. കൊച്ചി സ്വദേശിയായ അഭിഭാഷകൻ ബൈജു നോയലാണ് സിബി ഐ അന്വേഷണം ആവശ്യപ്പെട്ട് ഹൈക്കോടതിയിൽ ഹർജി നൽകിയിരുന്നത്.

രാജിവെക്കില്ല, ഇതിന് മുകളിലും കോടതിയുണ്ടെന്ന് സജി ചെറിയാൻ

തിരു: ഹൈക്കോടതിയുടെ ഉത്തരവ് പരിശോധിച്ച് നിയമപരമായ നടപടികളുമായി മുന്നോട്ടുപോകുമെന്ന് മന്ത്രി സജി ചെറിയാൻ. ധാർമികപരമായ ഒരു പ്രശ്നവുമില്ല. പോലീസ് അന്വേഷിച്ചു. കീഴ്ക്കോടതി ആ റിപ്പോർട്ടിനെ സാധൂകരിക്കുന്ന തീരുമാനമെടുത്തു. അതിന് ശേഷമാണ് സിബി ഐ അന്വേഷണം ആവശ്യപ്പെട്ട് ഒരാൾ ഹൈക്കോടതിയെ സമീപിച്ചത്.

അന്വേഷണത്തെ സംബന്ധിച്ചാണ് കോടതി പറഞ്ഞിട്ടുള്ളത്. കോടതി അന്വേഷിക്കാൻ പറഞ്ഞിട്ടുള്ള ഭാഗമേതാണോ അതിന്റെ അടിസ്ഥാനത്തിൽ അന്വേഷിക്കട്ടേ. മുമ്പ് ധാർമികതയുടെ പേരിൽ രാജിവെച്ചു. ആ ധാർമികതയുടെ ഉത്തരവാദിത്വം കഴിഞ്ഞു. അതിന് ശേഷം കോടതി വിധിയുടെ അടിസ്ഥാനത്തിൽ മന്ത്രിയായി വീണ്ടും സത്യപ്രതിജ്ഞ ചെയ്തു. താനിപ്പോഴും തന്റെ ജോലി ചെയ്തുകൊണ്ടിരിക്കുകയാണ്.

തന്റെ പ്രസംഗത്തിലെ പരാമർശങ്ങളെ കുറിച്ചുള്ള കണ്ടെത്തലുകളിലേക്ക് ഹൈക്കോടതി കടന്നിട്ടില്ല. ഒരു കോടതി പറഞ്ഞു ശരി. അടുത്ത കോടതി പറഞ്ഞു തെറ്റ്. ഇതിന്റെ മുകളിൽ കോടതി ഉണ്ട്. നിയമപരമായ കാര്യങ്ങൾ പരിശോധിച്ചതിന് ശേഷം മാത്രമേ ഒരു അഭിപ്രായം പറയാൻ സാധിക്കുകയുള്ളൂവെന്നും മന്ത്രി പറഞ്ഞു.

അദാനിക്ക് അമേരിക്കൻ കുരുക്ക്: സൗരോർജ കരാറിന് കൈക്കൂലി, ചുമത്തിയത് അഴിമതിക്കുറ്റം

ന്യൂഡൽഹി: ശതകോടീശ്വരനും അദാനി ഗ്രൂപ്പ് ചെയർമാനുമായ ഗൗതം അദാനിക്കെതിരെ അഴിമതിക്കുറ്റം ചുമത്തി ന്യൂയോർക്ക് കോടതി. സൗരോർജ കരാറുകൾ ലഭിക്കുന്നതിനായി ഇന്ത്യൻ ഉദ്യോഗസ്ഥർക്ക് 250 ദശലക്ഷം ഡോളറിൽ (2,100 കോടി രൂപ) അധികം കൈക്കൂലി നൽകിയെന്നതാണ് കുറ്റം. ഇരുപതുവർഷത്തിനുള്ളിൽ രണ്ടു ബില്യൻ ഡോളറിലധികം ലാഭം പ്രതീക്ഷിക്കുന്ന സൗരോർജ കരാറുകൾ സ്വന്തമാക്കുന്നതിനായി കൈക്കൂലി വാഗ്ദാനം ചെയ്തെന്നാണ് ആരോപണം. അഴിമതി, വഞ്চന, ഗൂഢാലോചന എന്നീ കുറ്റങ്ങളാണ് ചുമത്തിയിരിക്കുന്നത്.

ഗൗതം അദാനിക്കുപുറമേ അദാനി ഗ്രീൻ എനർജി ലിമിറ്റഡ് എക്സിക്യൂട്ടീവ് ഡയറക്ടർമാരായ വിനീത് ജെയ്ൻ, സാഗർ അദാനി എന്നിവർക്കെതിരെയും കേസെടുത്തിട്ടുണ്ട്. വായ്പകളും ബോണ്ടുകളും സ്വന്തമാക്കുന്നതിനായി അദാ

നിയും കൂട്ടരും അമേരിക്കൻ നിക്ഷേപകരെ കബളിപ്പിച്ചെന്നും കുറ്റപത്രത്തിൽ പറയുന്നു. ന്യൂയോർക്കിൽ യു എസ് അറ്റോർണി ഓഫീസാണ് കുറ്റപത്രം സമർപ്പിച്ചത്. യുഎസ് സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് കമ്മീഷനും അദാനി ഗ്രീൻ എനർജിക്കെതിരെ അഴിമതിക്കുറ്റം ചുമത്തുകയും സിവിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിന് പുറമേ വിഷയത്തിൽ അന്വേഷണം തടസപ്പെടുത്താൻ അദാനിയും കൂട്ടാളികളും ശ്രമിച്ചതായി എഫ്ബിഐ അസിസ്റ്റന്റ് ഡയറക്ടർ ജെയിംസ് ഡെന്നിഹിയെ ഉദ്ധരിച്ച് റിപ്പോർട്ടുകൾ പുറത്തുവരുന്നുണ്ട്.

ഹിൻഡൻബർഗ് വെളിപ്പെടുത്തലിനെത്തുടർന്ന് അദാനി ഗ്രൂപ്പിന് വൻ തിരിച്ചടിയാണ് ഉണ്ടായത്. അതിൽ നിന്ന് കരകയറി വരുന്നതിനിടെയാണ് പുതിയ പ്രതിസന്ധി രൂപപ്പെട്ടിരിക്കുന്നത്. 2023 ജനുവരിയിലാണ് അദാനി ഗ്രൂപ്പ് കടലാസ് കമ്പനികൾ വഴി ഓഹരി പെരുപ്പിച്ച് കാണിക്കാൻ ശ്രമിച്ചു എന്ന ആരോപണവുമായി ഹിൻഡൻബെർഗ് റിപ്പോർട്ട് പുറത്ത് വരുന്നത്. പിന്നീട് 2024ൽ അദാനിയുമായി ബന്ധപ്പെട്ട കേസ് ഇന്ത്യയിൽ അന്വേഷിക്കുന്ന സെക്യൂരിറ്റീസ് ആന്റ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യയുടെ നിലവിലെ ചെയർപേഴ്സൺ മാധബി പുരി ബുച്ചിന് അദാനിയുടെ കടലാസ് കമ്പനികളിൽ നിക്ഷേപമുണ്ടെന്ന് വ്യക്തമാക്കുന്ന റിപ്പോർട്ടും പുറത്ത് വന്നു. എന്നാൽ ഇതെല്ലാം വെറും ആരോപണങ്ങൾ മാത്രമാണെന്നായിരുന്നു അദാനി ഗ്രൂപ്പ് പറഞ്ഞിരുന്നത്.

ചലച്ചിത്ര – സീരിയൽ താരം മേഘനാഥൻ അന്തരിച്ചു



തൃശൂർ : മലയാള ചലച്ചിത്ര സീരിയൽ നടൻ മേഘനാഥൻ (60) അന്തരിച്ചു. ബേബി മെമ്മോറിയൽ ഹോസ്പിറ്റലിൽ ചികിത്സയിൽ ആയിരുന്നു. സംസ്കാരം ഷൊർണ്ണൂരിലുള്ള വീട്ടുവളപ്പിൽ നടക്കും. നടൻ ബാലൻ കെ നായരുടെ മകനാണ്. ഒട്ടേറെ സിനിമകളിലഭിനയിച്ച മേഘനാഥൻ 1983 ൽ ഇറങ്ങിയ അസ്ത്രമാണ് ആദ്യചിത്രം. പഞ്ചാഗ്നി ചെങ്കോൽ, ഈ പുഴയും കടന്ന്, ഉത്തമൻ തുടങ്ങി 50ഓളം ചിത്രങ്ങളിൽ അഭിനയിച്ചിട്ടുണ്ട്.

എആർ റഹ്മാന്റെ ആസ്തി 2000 കോടി, സൈറയ്ക്ക് നൽകേണ്ട ജീവനാംശം എത്രയായിരിക്കും?

മുംബയ് : ലോക പ്രശസ്ത സംഗീതജ്ഞൻ എആർ റഹ്മാനും ഭാര്യ സൈറ ബാനുവും വേർപിരിഞ്ഞു എന്ന വാർത്ത ഈ മാസം 19നാണ് പുറത്തുവന്നത്. 29 വർഷത്തെ ദാമ്പത്യ ജീവിതത്തിനൊടുവിലാണ് ദമ്പതികൾ വേർപിരിയുന്നത്. ഇവരുടെ പെട്ടെന്നുള്ള വേർപിരിയൽ ആരാധകരെ പോലും ഞെട്ടിക്കുന്നതായിരുന്നു. ജീവിതം പ്രവചനാതീതമാണ് എന്ന ഓർമപ്പെടുത്തലാണിത് എന്നാണ് ചിലർ സമൂഹ മാദ്ധ്യമങ്ങളിലൂടെ അറിയിച്ചത്. ഇപ്പോഴിതാ കൂടുതൽ വിവരങ്ങൾ പുറത്തുവിട്ടുകൊണ്ട് ദമ്പതികൾക്കായി സംയുക്ത പ്രസ്താവന ഇറക്കിയിരിക്കുകയാണ് സൈറ ബാനുവിന്റെ അഭിഭാഷക വന്ദന ഷാ. ജീവനാംശം

ഉൾപ്പെടെയുള്ള വിവരങ്ങൾ പ്രസ്താവനയിലൂടെ വെളിപ്പെടുത്തിയിട്ടുണ്ട്.

വിവിധ ഭാഷകളിൽ സംഗീത സംവിധാനം ചെയ്തിട്ടുള്ള എആർ റഹ്മാൻ സിനിമാ രംഗത്തെ തന്നെ ഏറ്റവും ധനികരിൽ ഒരാളാണ്. ഓസ്കാർ ജേതാവ് കൂടിയായ അദ്ദേഹത്തിന് ഏകദേശം 1,728 മുതൽ 2000 കോടി രൂപയുടെ സ്വത്തുക്കളുണ്ടെന്നാണ് വിവരം. ഭാര്യ ജീവനാംശം ആവശ്യപ്പെട്ടാൽ അതിന്റെ പകുതി അവർക്ക് നൽകേണ്ടി വരും. ആ ഘട്ടത്തിൽ അവർ എത്തിയിട്ടില്ല. ഇരുവരും സൗഹാർദത്തോടെ പിരിയാനാണ് ആഗ്രഹിച്ചതെന്നും അഭിഭാഷക പറഞ്ഞു. അതിനാൽ, തന്റെ കക്ഷി ജീവനാംശം ആവശ്യപ്പെട്ടില്ലെന്നും അവർ വെളിപ്പെടുത്തി. വൈകാരികമായ അഭിപ്രായ വ്യത്യാസങ്ങൾ കാരണമാണ് ഇരുവരും വേർപിരിയാൻ തീരുമാനിച്ചത്. അതിനാൽ, വിവാഹ മോചനം ഒരു രമ്യമായ ഒത്തുതീർപ്പായിരുന്നു.

അതേസമയം, എആർ റഹ്മാന്റെ വേർപിരിയൽ വാർത്ത പുറത്തുവന്നതിന് പിന്നാലെ അദ്ദേഹത്തിന്റെ ബാസിസ്റ്റായ മോഹിനി ഡേയും താൻ വിവാഹ മോചിതയായെന്ന വിവരം സമൂഹ മാദ്ധ്യമങ്ങളിൽ പങ്കുവച്ചു. ഇത് വലിയ ചർച്ചകൾക്കും സംശങ്ങൾക്കും ഇടയാക്കി. ഇതിനും അഭിഭാഷക മറുപടി നൽകി. രണ്ടും തമ്മിൽ യാതൊരു ബന്ധവുമില്ല എന്നാണ് അവർ പറഞ്ഞത്. പൊരുത്തക്കേടുകൾ കാരണം അവർ മാന്യമായി വേർപിരിഞ്ഞു. അതിലിനി ഊഹാപോഹങ്ങൾ കുത്തിനിറച്ച് അവരെ ബുദ്ധിമുട്ടിപ്പിക്കരുത്. ഒരുപാട് ആലോചിച്ചാണ് ദമ്പതികൾ വിവാഹമോചനം എന്ന തീരുമാനമെടുത്തതെന്നും അഭിഭാഷക വ്യക്തമാക്കി.

ടെമ്പോ കത്തി നശിച്ചു

മുണ്ടൂരിൽ ടെമ്പോ കത്തി നശിച്ചു. ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സമീപം പ്രവർത്തിക്കുന്ന സെന്റ് ആൻസ് ഇലക്ട്രോകളർ പ്രൊഡക്റ്റ് എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ടെമ്പോയ്ക്കാണ് തീപിടിച്ചത്. ഫയർഫോഴ്സ് എത്തിയാണ് തീയണച്ചത്.

പാലക്കാട്ട് ബിജെപി ജയം ഉറപ്പിച്ചെന്ന് സി കൃഷ്ണകുമാർ

പാലക്കാട്: എൽഡിഎഫും യുഡിഎഫും അവരുടെ ശക്തി കേന്ദ്രങ്ങളെന്ന് അവകാശപ്പെടുന്ന പഞ്ചായത്തുകളിൽ പോളിംഗ് കുറഞ്ഞത് തങ്ങൾക്ക് അനുകൂലമാകുമെന്ന് എൻഡിഎ സ്ഥാനാർത്ഥി സി കൃഷ്ണകുമാർ. പാലക്കാട് നഗരപരിധിയിൽ വിചാരച്ചതിലധികം പോളിംഗ് കൂടിയതിനാൽ, 5000ത്തിലധികം വോട്ടുകളുടെ ഭൂരിപക്ഷത്തോടെ ബിജെപി ജയിക്കുമെന്നുംഅദ്ദേഹംപറഞ്ഞു.

പതിനായിരത്തിലധികം വോട്ടുകളുടെ ലീഡാണ് നഗരസഭാ പരിധിയിൽ പ്രതീക്ഷിക്കുന്നത്. യുഡിഎഫിന് പിരായിരി പഞ്ചായത്തിൽ ലഭിക്കുന്ന ലീഡിനെ മറികടക്കാനുള്ള ഭൂരിപക്ഷം നഗരസഭാ പരിധിയിൽ എൻഡിഎയ്ക്ക് കിട്ടും. കഴിഞ്ഞ തവണ 3പഞ്ചായത്തുകളിലും മൂന്നാം സ്ഥാനമായിരുന്നു എൻഡിഎയ്ക്ക്. ഇത്തവണ രണ്ടാം സ്ഥാനത്തേക്ക് വരും. മറ്റ് 2പഞ്ചായത്തുകളിൽ യുഡിഎഫിനും എൽഡിഎഫിനും ഒപ്പമോ അല്ലെങ്കിൽ അവരെ മറികടന്ന് മുന്നോട്ടു പോകാനോ കഴിയും.

പതിനായിരത്തിലധികം വോട്ടുകൾക്ക് രാഹുൽ മാങ്കൂട്ടത്തിൽ വിജയിക്കുമെന്നാണ് പ്രതിപക്ഷ നേതാവ് പറയുന്നത്. ഷാഫിക്ക് കിട്ടാത്ത ഭൂരിപക്ഷം രാഹുലിന് കിട്ടുമോ? സന്ദീപ് വാര്യരുടെ യുഡിഎഫ് പ്രവേശനം ബിജെപിക്ക് ഗുണമാണ് ചെയ്തത്. യുഡിഎഫിന് അതൊരു തിരിച്ചടിയായിരുന്നു.

ലേഡി സീരിയൽ കില്ലർ; 14 പേരെ കൊന്നുതള്ളി; ഒടുവിൽ വധശിക്ഷ

ബാങ്കോക്ക് : മുൻകാമുകൻ ഉൾപ്പെടെ 14 പേരെ സയനൈഡ് നൽകി കൊലപ്പെടുത്തിയ മുപ്പത്താറുകാരിക്ക് ബാങ്കോക്ക് കോടതി വധശിക്ഷ വിധിച്ചു. 2015 ൽ തുടങ്ങിയ കൊലപാതക പരമ്പര അവസാനിച്ചത് കഴിഞ്ഞ ഏപ്രിലിൽ ഉറ്റസുഹൃത്തിന്റെ മരണത്തോടെ. സരാരത്ത് രംഗ്സിവുതപോം എന്ന യുവതിയാണ് തായ്‌ലാൻഡിനെ നടുക്കിയ ആ സീരിയൽ കില്ലർ!

സരാരത്തിന്റെ സുഹൃത്തായിരുന്ന സിരിപോം എന്ന യുവതിയുടെ മരണമാണ് ഞെട്ടിക്കുന്ന കൊലപാതക പരമ്പരയിലേക്ക് വെളിച്ചം വീശിയത്. കഴിഞ്ഞ ഏപ്രിലിൽ സരാരത്തും സിരിപോമും റ്റചാബുരി പ്രവിശ്യയിലേക്ക് യാത്രപോയി. സഞ്ചാരത്തിനിടെ ഇവിടെ ഒരു നദിക്കരയിൽ വച്ച് സിരിപോം കുഴഞ്ഞുവീണുമരിച്ചു. പൊലീസ് എത്തുമ്പോൾ അവരുടെ ബാഗ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ബാഡ്മിന്റൺ കളിക്കാരിയായ ബാലികക്ക് തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജിൽ പുതുജന്മം

തൃശൂർ: പാലക്കാട് ജില്ലയിൽ കോങ്ങാട് സ്വദേശിയായ 12 വയസ്സുള്ള ബാലികയാണ്, തൃശൂർ ഗവ. മെഡിക്കൽ കോളേജിൽ ശിശു ശസ്ത്രക്രിയ വിഭാഗത്തിൽ അടിയന്തിര ശസ്ത്രക്രിയ വഴി ജീവിതത്തിലേക്കു തിരിച്ചുവന്നത്.

ജന്മനാ കേൾവിക്കുറവുള്ള ബാലിക, 2 ആഴ്ച മുമ്പ് നടന്ന ബാഡ്മിന്റൺ ടൂർണമെന്റിൽ പങ്കെടുത്തു സമ്മാനം നേടിയിരുന്നു. ടൂർണമെന്റിന്റെ പിറ്റേന്ന് കുട്ടിക്ക് കലശലായ വയറുവേദനയും വീർപ്പും അനുഭവപ്പെട്ടു.

തൃശൂർ മെഡിക്കൽ കോളേജിലെ ശിശുശസ്ത്രക്രിയ വിഭാഗത്തിലെ പരിശോധനയിൽ കുട്ടിയുടെ ആരോഗ്യനില അപകടകരമാണെന്ന് കണ്ടെത്തി. പ്രാഥമിക ചികിത്സയ്ക്കു ശേഷം അടിയന്തിര ശസ്ത്രക്രിയയ്ക്ക് വിധേയയാക്കി.

ഡയഫ്രത്തിന് (വയറിനും നെഞ്ചിനും ഇടയിൽ ഉള്ള ഭിത്തിയാണ് ഡയഫ്രം) നടുവിലായി കുറച്ചു ഭാഗത്തു കനം കുറഞ്ഞു നെഞ്ചിനുള്ളിലേക്ക് തള്ളിനിൽക്കുന്ന ഒരു അപാകത കൂട്ടിക്ക് ജന്മനാ ഉണ്ടായിരുന്നു.

ഡയഫ്രമാറ്റിക് ക്രൂറൽ ഇവന്ട്രേഷൻ എന്ന വളരെ അപൂർവ്വമായി കണ്ടുവരുന്ന രോഗമായിരുന്നു കുട്ടിയുടെ രോഗാവസ്ഥക്ക് കാരണം.

ബാഡ്മിന്റൺ കളിയുടെ സമയത്തു വയറിനകത്തെ മർദ്ദം കൂടുകയും, തൽഫലമായി, ആമാശയം ഡയഫ്രത്തിലെ കനം കുറഞ്ഞ ഭാഗത്തുകൂടെ നെഞ്ചിനകത്തേക്ക് തള്ളിക്കയറുകയും, അവിടെ വച്ചു, ആമാശയം മടങ്ങി, തടസപ്പെട്ടു വീർത്തു ഗ്യാസ്ട്രിക് വോൾവുലസ് അവസ്ഥ ഉണ്ടാവുകയും ആമാശയം പൊട്ടിത്തകരുകയും കഴിച്ചഭക്ഷണമെല്ലാം വയറിനകത്തു ചിതറി കിടക്കുകയുമായിരുന്നു.

ശസ്ത്രക്രിയ സമയത്തു ഭക്ഷണശകലങ്ങൾ എല്ലാം നീക്കി ആമാശയത്തിലെ ദ്വാരം അടച്ചു, പിന്നീട് ഇതു പോലെ വോൾവുലസ് ഉണ്ടാകാതിരിക്കാനുള്ള പ്രതിവിധികളും ചെയ്തു. ഓപ്പറേഷനുശേഷം കുട്ടി 2 ദിവസം അനസ്തെഷ്യ ഐ സി യുവിലായിരുന്നു. അതിനുശേഷം ശിശുശസ്ത്രക്രിയ വാർഡിലേക്ക് മാറ്റി, ചികിത്സ തുടർന്നു. കുട്ടിയെ കഴിഞ്ഞദിവസം ഡിസ്ചാർജ് ചെയ്തു.

മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെയും മറ്റു ജീവനക്കാരുടെയും സമയോചിതമായ ഇടപെടൽ മൂലം ആയിരുന്നു ഈ കുട്ടിയെ രക്ഷിക്കുവാൻ സാധിച്ചത്. ശിശുശസ്ത്രക്രിയ വിഭാഗം മേധാവിയും പ്രൊഫസറുമായ ഡോ നിർമ്മൽ ഭാസ്കറിന്റെ നേതൃത്വത്തിൽ, അസിസ്റ്റന്റ് പ്രൊഫസർ ഡോ ശശികുമാർ, ജൂനിയർ റസിഡന്റ് ഡോ ഫിലിപ്സ് ജോൺ എന്നിവർ അടങ്ങിയ സംഘമാണ് ശസ്ത്രക്രിയ നടത്തിയത്. പീഡിയാട്രിക് സർജറി ഹൗസ് സർജൻ ഡോ അതുൽ കൃഷ്ണ ചികിത്സയിൽ സഹായിച്ചു. അതോടൊപ്പം, അനസ്തെഷ്യ ഡ്യൂട്ടി മെഡിക്കൽ ഓഫീസർ ഡോ സുധീർ എൻ, ഡോ ഇഷിത, ഡോ അഞ്ജന, ഡോ അർപ്പിത, ഡോ സംഗീത, ഡോ. അമൃത അനസ്തെഷ്യ ഐ സി യു.വിന്റെ ചുമതലയുള്ള പ്രൊഫസർ ഡോ ഷാജി കെ ആർ. ശിശുരോഗവിഭാഗം പ്രൊഫസറും മേധാവിയുമായ ഡോ അജിത്കുമാർ, സീനിയർ റെസിഡന്റ് ഡോ നൂന കെ കെ, ജൂനിയർ റെസിഡന്റ് ഡോ സതിഷ്, പീഡിയാട്രിക് മെഡിസിൻ ഹൗസ് സർജൻ ഡോ ജിതിൻ എമർജൻസി ഓപ്പറേഷൻ തിയേറ്റർ സീനിയർ നഴ്സിംഗ് ഓഫീസർ മിനി പി ശ്രീധരന്റെ നേതൃത്വത്തിൽ നഴ്സിംഗ് ഓഫീസർമാരായ രമ്യ പി പി, റിൻകുമാരി സി ഐ, ശിശുശസ്ത്രക്രിയ വിഭാഗം വാർഡ് സീനിയർ നഴ്സിംഗ് ഓഫീസർ ശ്രീദേവി ശിവന്റെ നേതൃത്വത്തിൽ നഴ്സിംഗ് ഓഫീസർമാരായ സീന ജോസഫ്, അക്ഷയ നാരായണൻ, ലേഖ ടി സി, ജോളി ദേവസി, ലിജി ഡേവിസ്, സൗമ്യ എ, നീതു രാജൻ, അഞ്ജന ബി, എന്നിവർ ചികിൽസയുടെ ഭാഗമായിരുന്നു.

കൃത്യമായ രോഗ നിർണ്ണയവും ചികിത്സയും നൽകിയ മെഡിക്കൽ സംഘത്തെ, തൃശൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ അശോകൻ എൻ, വൈസ് പ്രിൻസിപ്പൽ ഡോ സനൽ കുമാർ, സൂപ്രണ്ട് ഇൻചാർജ് ഡോ രാധിക ഡെപ്യൂട്ടി സൂപ്രണ്ട് ഡോ സന്തോഷ് എന്നിവർ അഭിനന്ദിച്ചു.

ഫാ. ഡേവിസ് കുറ്റിക്കാട്ട് 88-ാം ജന്മദിനാഘോഷം ഇന്ന്

തൃശൂർ: സി.എം.ഐ. സഭയുടെ ദേവമാത, കോയമ്പത്തൂർ പ്രോവിൻസുകളിൽ ദീർഘകാലം സാമൂഹ്യ സേവന രംഗത്തും ദൈവവിളി പ്രോത്സാഹന രംഗത്തും സജീവമായി പ്രവർത്തിച്ച ഫാ. ഡേവിസ് കുറ്റിക്കാട്ട് 5 വർഷമായി വിശ്രമത്തിലാണ്. അദ്ദേഹത്തിന്റെ 88-ാം ജന്മദിനം ഇന്ന് ഒല്ലൂക്കര പ്രേഷിതരാം ആശ്രമത്തിൽ വെച്ച് വൈകീട്ട് 4ന് ആഘോഷിക്കുന്നതാണ്. അച്ചൻ സ്ഥാപിച്ച തൃശൂർ ജീവകാരുണ്യ ട്രസ്റ്റാണ് പരിപാടി സംഘടിപ്പിച്ചിട്ടുള്ളത്.

കേളപ്പജി പുരസ്കാരം 23ന് പി.വി.ചന്ദ്രന് സമ്മാനിക്കും

ഗുരുവായൂർ: ഗുരുവായൂർ സത്യാഗ്രഹ സ്മാരക സമിതിയുടെ കേളപ്പജി പുരസ്കാരം 'മാതൃഭൂമി' ചെയർമാനും മാനേജിങ് എഡിറ്ററുമായ പി.വി.ചന്ദ്രന് 23 ന് സമ്മാനിക്കും. ഗുരുവായൂർ രുക്മിണി റീജൻസിയിൽ രാവിലെ പത്തിന് ഗോവ ഗവർണർ പി.എസ്.ശ്രീധരൻ പിള്ളയാണ് പുരസ്കാരം നൽകുന്നത്. 11,111 രൂപയും പ്രശസ്തി പത്രവും ശില്പി എളവള്ളി നന്ദൻ രൂപകൽപ്പന ചെയ്ത ഫലകവുമാണ് പുരസ്കാരം.

സമിതി ചെയർമാൻ സ്വാമി എ.ഹരിനാരായണൻ അധ്യക്ഷനാകും. ഗുരുവായൂർ നഗരസഭാ ചെയർമാൻ എം.കൃഷ്ണദാസ് മുഖ്യാതിഥിയാകും. ഗുരുവായൂർ ദേവസ്വം മുൻ ചെയർമാൻ ടി.വി.ചന്ദ്രമോഹൻ, മമ്മിയൂർ ദേവസ്വം ചെയർമാൻ ജി.കെ.പ്രകാശൻ, ഗുരുവായൂർ ദേവസ്വം ഭരണസമിതിയംഗം കെ.പി.വിശ്വനാഥൻ, കൗൺസിലർ ശോഭ ഹരിനാരായണൻ, സമിതി കൺവീനർ ഷാജു പുതൂർ എന്നിവർ ആശംസ അർപ്പിക്കും.

സിബിഎസ്ഇ പരീക്ഷ തീയതികൾ പ്രഖ്യാപിച്ചു

തൃശൂർ: സിബിഎസ്ഇ 10,12 ക്ലാസുകളിലെ പരീക്ഷ തീയതികൾ പ്രഖ്യാപിച്ചു. ഫെബ്രുവരി 15ന് പരീക്ഷകൾ ആരംഭിക്കും. പത്താം ക്ലാസ് പരീക്ഷകൾ മാർച്ച് 18നും പന്ത്രണ്ടാം ക്ലാസ് പരീക്ഷകൾ ഏപ്രിൽ 4നും അവസാനിക്കും.

കോവിഡ് ചികിത്സാക്ലെയിം നല്കിയില്ല, ഇൻഷുറൻസ് കമ്പനിയുടേത് ഗുരുതരവീഴ്ചയെന്ന് ഉപഭോക്തൃകോടതി, പരാതിക്കാരിക്ക് 235000 രൂപയും പലിശയും നൽകുവാൻ വിധി

തൃശൂർ: കോവിഡ് ചികിത്സയുടെ ക്ളെയിം അനുവദിക്കാതിരുന്നതിനെത്തുടർന്ന് ഫയൽ ചെയ്ത ഹർജിയിൽ പരാതിക്കാരിക്ക് അനുകൂലവിധി. പാലക്കാട് അനക്കര സ്വദേശിനി മേലേപ്പുറത്ത് വീട്ടിൽ സൗമ്യ എ.കെ. ഫയൽ ചെയ്ത ഹർജിയിലാണ് തൃശൂരിലെ ഫ്യൂച്ചർ ജനറാലി ഇന്ത്യ ഇൻഷുറൻസ് കമ്പനി ലിമിററഡിന്റെ മാനേജർക്കെതിരെ ഇപ്രകാരം വിധിയായത്. സൗമ്യ കൊറോണ രക്ഷക് പോളിസിയാണ് ചേരുകയുണ്ടായത്. സൗമ്യക്ക് കോവിഡ് ബാധിക്കുകയും തൃശൂർ ദയ ആശുപത്രിയിൽ ചികിത്സ തേടുകയും ചെയ്തിരുന്നു. ക്ലെയിം സമർപ്പിച്ചുവെങ്കിലും നിഷേധിക്കപ്പെടുകയാണുണ്ടായത്.തുടർന്ന് ഹർജി ഫയൽ ചെയ്യുകയായിരുന്നു. ക്ലെയിം നിഷേധിച്ച ഇൻഷുറൻസ് കമ്പനിയുടെ പ്രവൃത്തി ഗുരുതരവീഴ്ചയെന്ന് വിലയിരുത്തിയ പ്രസിഡണ്ട് സി.ടി.സാബു, മെമ്പർമാരായ ശ്രീജ.എസ്, ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃകോടതി ഹർജിക്കാരിക്ക് ക്ളെയിം തുക 200000 രൂപയും ആയതിന് 2021 മാർച്ച് 15 മുതൽ 12% പലിശയും നഷ്ട പരിഹാരമായി 25000 രൂപയും ആയതിന് ഹർജിതിയ്യതി മുതൽ 6 % പലിശയും ചിലവിലേക്ക് 10000 രൂപയും നൽകുവാൻ കല്പിച്ച് വിധി പുറപ്പെടുവിക്കുകയായിരുന്നു. ഹർജിക്കാരിക്ക് വേണ്ടി അഡ്വ. ഏ.ഡി.ബെന്നി ഹാജരായി വാദം നടത്തി.

ജില്ലാ ലൈബ്രറി കൗൺസിൽ വികസനസമിതി സംഘടിപ്പിച്ച പുസ്തകോത്സവം ആരംഭിച്ചു

തൃശ്ശൂർ: ജില്ലാ ലൈബ്രറി കൗൺസിൽ വികസനസമിതി സംഘടിപ്പിച്ച പുസ്തകോത്സവം തൃശ്ശൂർ ശ്രീ ശങ്കര ഹാളിൽ ആരംഭിച്ചു പ്രമുഖ പ്രസാദനശാലകളുടെ 110 ആളുകൾ ഒരുക്കിയിട്ടുണ്ട്.

പി ബാലചന്ദ്രൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. ലൈബ്രറി കൗൺസിൽ ജില്ലാ പ്രസിഡണ്ട് മുരളി പെരുന്നില്ലി എംഎൽഎ അധ്യക്ഷത വഹിച്ചു. വയലാർ അവാർഡ് ജേതാവ് അശോകൻ ചെരുവിലിന് ലൈബ്രറി കൗൺസിൽ ആദരിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വിഎസ് പ്രിൻസ് ലൈബ്രറി കൗൺസിൽ ജില്ലാ സെക്രട്ടറി പി കെ ഹാരിഫാബി, പ്രൊഫ. എം ഹരിദാസ്, ബി മുരളി, പി. തങ്കം ടീച്ചർ കാവുമ്പായി ബാലകൃഷ്ണൻ, കെ എൻ ബാലഗോപാൽ, കെ രാമചന്ദ്രൻ തുടങ്ങിയ പ്രസംഗിച്ചു.

വി യു രാധാകൃഷ്ണൻ, കാദർ പട്ടേപ്പാടം എന്നിവരുടെ പുസ്തകങ്ങളും പ്രകാശനം ചെയ്തു. 21-ാം തീയതി (ഇന്ന്) കാലത്ത് 10.30ന് പി ഭാസ്കരൻ സ്മൃതി ഗാന സംഗമം. 22ന് കാലത്ത് കാവ്യാലാപന സദസ് എന്നിവ ഉണ്ടായിരിക്കും. ലൈബ്രറി പ്രവർത്തകരും പൊതുജനങ്ങൾ ഉൾപ്പെടെ ധാരാളം പേർ പുസ്തകങ്ങൾ വാങ്ങാൻ എത്തുന്നുണ്ട്.

പുതുക്കാട് : ഗ്രാമ പഞ്ചായത്തിലെ സ്കൂളുകൾ സമ്പൂർണ്ണ ഹരിത വിദ്യാലയങ്ങളായി പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ എം ബാബുരാജ് നിർവ്വഹിച്ചു. വൈസ് പ്രസിഡന്റ് ഷൈനി ജോജു അദ്ധ്യക്ഷയായി. ഗ്രാമ പഞ്ചായത്തംഗങ്ങളായ സെബി കൊടിയൻ, ഷാജു കാളിയേങ്കര, രശ്മി ശ്രീഷോബ്, പ്രീതി ബാലകൃഷ്ണൻ, ഹിമ ദാസൻ, ഫിലോമിന ഫ്രാൻസീസ് സെക്രട്ടറി ഉമ ഉണ്ണികൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

ഐഎസ്ആർഒ സ്പേസ് എക്സ്പോ ഇരിങ്ങാലക്കുട സെ.ജോസഫ്സ് കോളേജിൽ

സെന്റ് ജോസഫ്സ് കോളേജിലെ ഫിസിക്സ് വിഭാഗം ഒരുക്കിയ ഐഎസ്ആർഒ സ്പേസ് എക്സിബിഷൻ ആകർഷകമായി. ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തിയ എക്സിബിഷൻ ഡോ. ഗീത രാംകുമാർ(റിട്ടയേർഡ് സയന്റിസ്റ്റ് - എസ് ജി സ്പേസ് ഫിസിക്സ് ലബറോട്ടറി വി .എസ് .എ സ്. സി ,ഐഎസ് ആർഒ തിരുവനന്തപുരം) ഉദ്ഘാടനം ചെയ്തു. പിഎസ്എൽവി, ജിഎസ്എൽവി എന്നിങ്ങനെയുള്ള റോക്കറ്റ് മോഡലുകളും, ചന്ദ്രയാൻ, ആര്യഭട്ട ,രോഹിണി, തുടങ്ങിയ നിരവധി സാറ്റലൈറ്റ് മോഡലുകളും പ്രദർശനത്തിനായി ഒരുക്കിയിരുന്നു. കൗതുകമേറിയ ഈ പരിപാടിയിൽ വിവിധ സ്കൂളുകളിലെയും കോളേജുകളിലെയും നിരവധി വിദ്യാർത്ഥികൾ പങ്കെടുത്തു.

അക്വാറ്റിക്സ് ക്ലബിൽ ബാസ്ക്കറ്റ് ബോൾ കോർട്ട് തുറന്ന് സ്റ്റെഫി നിക്സൺ

തൃശൂർ: അക്വാറ്റിക്സ് ക്ലബിൽ നിർമിച്ച ബാസ്കറ്റ് ബോൾ കോർട്ട് മുൻ ഇന്ത്യൻ കാപ്റ്റൻ സ്റ്റെഫി നിക്സൺ ഉദ്ഘാടനം ചെയ്തു.

ഉദ്ഘാടനത്തോടനുബന്ധിച്ചു നടത്തിയ പ്രദർശന മൽസരത്തിൽ ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളജ് ടീം ചാലക്കുടി സേക്രഡ് ഹാർട്ട് കോളജ് ടീമിനെ പരാജയപ്പെടുത്തി.

ഉദ്ഘാടന ചടങ്ങിൽ ക്ലബ് പ്രസിഡന്റ് ജോസ് പുതുക്കാടൻ അധ്യക്ഷനായി. ജില്ലാ ബാസ്കറ്റ് ബോൾ അസോസിയേഷൻ സെക്രട്ടറി പി.സി. ആന്റണി, ക്ലബ് സെക്രട്ടറി ജോഫി ജോസഫ്, വൈസ് പ്രസിഡന്റ് ജോൺ ആലുക്ക, ട്രഷറർ മൈക്കിൾ ആഞ്ചലോ എന്നിവർ പ്രസംഗിച്ചു.

പ്രവാസി നിക്ഷേപ തട്ടിപ്പ്, ഒരാൾ അറസ്റ്റിൽ

ചാവക്കാട് : പ്രവാസി ഗ്രൂപ്പ് ഓഫ് കമ്പനീസ് നിക്ഷേപ തട്ടിപ്പു കേസിലെ പ്രതി അറസ്റ്റിൽ ഗുരുവായൂർ തിരുവെങ്കിടം താണിയിൽ വേലായുധൻ മകൻ പ്രഭാകരൻ 64 ആണ് അറസ്റ്റിലായത്

പ്രവാസി ഗ്രൂപ്പ് ഓഫ് കമ്പനീസിലെ മലയാളി ക്ഷേമനിധി ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ അമിത പലിശ വാഗ്ദാനം ചെയ്ത് നിക്ഷേപകരിൽ നിന്ന് നിക്ഷേപം സ്വീകരിച്ച ശേഷം തുക തിരികെ നൽകാതെ നിക്ഷേപകരെ വഞ്ചിച്ച കേസിലെ പ്രവാസി ഗ്രൂപ്പ് ഓഫ് കമ്പനീസിന്റെ ഡയറക്ടർമാരിലൊരാളാണ് പ്രഭാകരൻ.

പത്തു മാസത്തോളമായി ഒളിവിൽ കഴിഞ്ഞിരുന്ന പ്രതി വീട്ടിലെത്തിയിട്ടുണ്ടെന്ന രഹസ്യവിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് ചാവക്കാട് പോലീസ് സബ് ഇൻസ്പെക്ടർ പ്രീത ബാബുവും പോലീസ് സംഘവും വീട്ടിലെത്തി പ്രതിയെ അറസ്റ്റു ചെയ്തു കയായിരുന്നു പാവറട്ടി, വാടാനപ്പള്ളി തുടങ്ങി വിവിധ സ്റ്റേഷനുകളിലായി പ്രവാസി ഗ്രൂപ്പ് ഓഫ് കമ്പനീസിനിതെരെ അറുപതിലധികം കേസുകളാണ് നിലവിലുള്ളത്. 10 കോടിയിലധികം രൂപയാണ് സംഘം തട്ടിപ്പു നടത്തിയത്.

കേസിൽ ഇനിയും പ്രതികളെ അറസ്റ്റു ചെയ്യാൻ ബാക്കിയുണ്ട്. ഈ കേസിനു വേണ്ടി ചാവക്കാട് പോലീസ് ഇൻസ്പെക്ടർ വിമൽ.വിവിയുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചാണ് കേസുകളുടെ അന്വേഷണം നടത്തി വരുന്നത്. ചാവക്കാട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് കോടതിയിൽ ഹാജരാക്കിയ പ്രതിയെ 14 ദിവസത്തേക്ക് റിമാൻഡു ചെയ്തു. സബ് ഇൻസ്പെക്ടർ വിജിത്ത്.കെ.വി, സിവിൽ പോലീസ് ഓഫീസർമാരായ റോബിൻസൺ, ഹംദ്.ഇ കെ, രജനീഷ് എന്നിവരും അന്വേഷണ സംഘത്തിലുണ്ടായിരുന്നു.

യുവതിയെ വഴിയിൽ വണ്ടി തടഞ്ഞ് വെട്ടിക്കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ പ്രതിക്ക് 17 വർഷവും 1 മാസവും കഠിനതടവും, 60,500 രൂപ പിഴയും ശിക്ഷ

തൃശൂർ: ജോലി കഴിഞ്ഞ് സ്ക്കൂട്ടറിൽ വരികയായിരുന്ന യുവതിയെ തടഞ്ഞു നിർത്തി വാളു കൊണ്ട് വെട്ടിക്കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ പ്രതിയായ എടക്കുന്നി വില്ലേജ് തലോർ മേരിമാത റോഡിൽ ഡോൺ കള്ളിക്കാടൻ എന്നവരെ വിവിധ വകുപ്പുകളിലായി 17വർഷവും 1 മാസവും കഠിനതടവിനും 60,500രൂപ പിഴയടക്കുന്നതിനും തൃശ്ശൂർ പ്രിൻസിപ്പൽ അസിസ്റ്റന്റ് സെഷൻസ് ജഡ്ജ് എസ്. തേജോമയി തമ്പുരാട്ടി ശിക്ഷ വിധിച്ചു. പിഴയടക്കുന്നപക്ഷം പിഴത്തുക ഇരയായ യുവതിക്ക് നൽകാനും വിധിയിൽ പറഞ്ഞിട്ടുണ്ട്. പിഴയടക്കാത്തപക്ഷം 4 മാസം അധികത്തടവ് അനുഭവിക്കേണ്ടി വരും.

2014ഒക്ടോബർ 1 ന് വൈകീട്ട് 5 മണിക്ക് ഒല്ലൂർ ഗൂഡ്സ് ഷെഡ് റോഡിലാണ് കേസിനാസ്പദമായ സംഭവം നടന്നത്. ഒല്ലൂരിലെ കമ്പനിയിൽ ജോലി കഴിഞ്ഞ് വീട്ടിലേക്ക് വരികയായിരുന്നു യുവതി. യുവതിക്കൊപ്പം കമ്പനിയിൽ മുൻപ് ജോലി ചെയ്തിരുന്ന പ്രതി കമ്പനിയിൽ വെച്ച് യുവതിയോട് മോശമായ രീതിയിൽ സംസാരിക്കാൻ തുടങ്ങിയപ്പോൾ യുവതി അതിനെ എിർത്ത് സംസാരിച്ചിരുന്നു. തുടർന്ന് അനുസരണക്കേട് മൂലം പ്രസ്തുത കമ്പനിയിൽ നിന്നും ഡോണിനെ പറഞ്ഞുവിട്ടിരുന്നു. അതിനുശേഷം ഫോൺ വഴി യുവതിയെ ഡോൺ പലപ്പോഴും ഭീഷണിപ്പെടുത്തുകയും ശല്യപ്പെടുത്തുകയും ചെയ്തിരുന്നു. ശല്യം സഹിക്കാതെ വന്നപ്പോൾ യുവതി ഭർത്താവിനോട് പരാതി പറയുകയും തുടർന്ന് പ്രതിക്ക് വഴങ്ങണമെന്നും വിളിക്കുന്നിടത്തേക്ക് വരണമെന്നും ഇല്ലെങ്കിൽ നിന്റെ കൈ വെട്ടിക്കളയുമെന്നും ഭർത്താവിനെ കൊല്ലുമെന്നും പ്രതി ഭീഷണിപ്പെടുത്തിയത് പോലീസ് സ്റ്റേഷനിൽ പരാതി നൽകുകയും ചെയ്ത വിരോധത്താലാണ് ആക്രമണസംഭവം നടന്നത്.

കൊന്നുകളയുമെന്ന് ആക്രോശിച്ച് വാളുകൊണ്ട് യുവതിയെ വെട്ടാൻ ശ്രമിക്കുന്നതിനിടയിൽ ഒഴിഞ്ഞു മാറിയെങ്കിലും വലതു തോളിലും ഇടതു കയ്യിലും യുവതിക്ക് ഗുരുതരമായി പരിക്കേറ്റിരുന്നു. തുടർന്ന് നാട്ടുകാർ യുവതിയെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു.

തുടർന്ന് ഒല്ലൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിക്കുകയായിരുന്നു. പിറ്റേന്ന് രാവിലെ പ്രതിയെ തൃശ്ശൂർ കെഎസ്ആർടിസി സ്റ്റാൻഡിനടുത്തു നിന്നും പിടികൂടി അറസ്റ്റ് ചെയ്തിരുന്നു. പ്രതി കാണിച്ചുകൊടുത്തതുപ്രകാരം ഒല്ലൂർ റെയിൽവേ സ്റ്റേഷനടുത്തുള്ള കലുങ്കിന്റെ അടിയിൽ നിന്നും കുറ്റകൃത്യത്തിനുപയോഗിച്ച വാൾ പോലീസ് കണ്ടെടുത്തിരുന്നു.

കേസിൽ പ്രോസിക്യൂഷൻ ഭാഗത്തു നിന്ന് 5 തൊണ്ടിമുതലുകളും 36 രേഖകളും ഹാജരാക്കു കയും 16 സാക്ഷികളെ വിസ്തരിക്കുകയും ചെയ്തു. ഒല്ലൂർ പോലീസ് സർക്കിൾ ഇൻസ്പെക്ടറായി രുന്ന എ.ഉമേഷാണ് കേസ് രജിസ്റ്റർ ചെയ്ത് അന്വഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചത്.

സ്ത്രീകൾക്കെതിരെയുള്ള അതിക്രമം വ്യാപകമായ ഇക്കാലത്ത് അത്തരത്തിലുള്ള കേസുകളിലെ പ്രതിക്ക് നിയമം അനുശാസിക്കുന്ന പരമാവധി ശിക്ഷ നൽകണമെന്ന പ്രോസിക്യൂഷൻ വാദം പരിഗണിച്ചാണ് കോടതി ശിക്ഷ വിധിച്ചത്. പ്രോസിക്യൂഷനുവേണ്ടി അഡീഷണൽ പബ്ലിക്ക് പ്രോസിക്യൂട്ടർ ലാജു ലാസർ, അഡ്വ. പ്രവീണ എ.പി.എന്നിവർ ഹാജരായി.

വയനാട് ദുരന്തം; കേന്ദ്രനിലപാടിൽ പ്രതിഷേധിച്ച് സിപിഐ സമരം

ഇരിങ്ങാലക്കുട :വയനാട് ദുരന്തം ദേശീയ ദുരന്തമായിപ്രഖ്യാപിക്കാൻ തയ്യാറാകാത്തകേന്ദ്ര സർക്കാർ ന യത്തിനെതിരെ പ്രതിഷേധം. സിപിഐ ഇരിങ്ങാലക്കുട ടൌൺ ലോക്കൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ ബസ് സ്റ്റാൻഡ് പരിസരത്ത് നടന്ന സമരം സിപിഐ ജില്ലാ എക്സിക്യൂട്ടീവ് അംഗം ടി കെ സുധീഷ് ഉദ്ഘാടനം ചെയ്തു. കെ എസ്. പ്രസാദ് അദ്ധ്യക്ഷത വഹിച്ചു.കെ സി. മോഹൻലാൽ, വർദ്ധനൻ പുളിക്കൽ, തോമസ് പി. ഒ, വി കെ. സരിത എന്നിവർ നേതൃത്വം നൽകി.

കെഎസ്ഇബി; അപേക്ഷ ഓൺലൈൻ വഴി

തൃശൂർ: പുതിയ കണക്ഷൻ ഉൾപ്പെടെ കെഎസ്ഇബിയുടെ എല്ലാ സേവനങ്ങൾക്കുമുള്ള അപേക്ഷ ഡിസംബർ ഒന്നു മുതൽ ഓൺലൈൻ ആക്കും. നിലവിൽ ഓൺലൈൻ സേവനങ്ങൾ ലഭ്യമാകുന്ന വെബ്സൈറ്റായ ംസെലെയ.ശിൽ ആയിരിക്കും അപേക്ഷകൾ സമർപ്പിക്കേണ്ടത്. ക്രമക്കേടുകൾ ഒഴിവാക്കാനാണ് അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുന്നത്.

ക്രൈസ്റ്റ് ആശ്രമ ദൈവാലയത്തിൽ ക്രിസ്തുരാജന്റെ തിരുനാൾ നവംബർ 20 മുതൽ 25 വരെ

ഇരിങ്ങാലക്കുട : ക്രൈസ്റ്റ് ആശ്രമ ദൈവാലയത്തിൽ ക്രിസ്തുരാജന്റെ തിരുനാൾ നവംബർ 20 മുതൽ 25 വരെ ആഘോഷിക്കും. 20 ന് വൈകീട്ട് 5.45 ന് തിരുനാളിന് കൊടിയേറ്റുമെന്ന് ആശ്രമം പ്രിയോർ ഫാ ജോയ് പീണിക്കപറമ്പിൽ, ജനറൽ കൺവീനർ സിജു കുറ്റിക്കാട്ട് എന്നിവർ പത്ര സമ്മേളനത്തിൽ അറിയിച്ചു. 21 , 22 , 23 തീയതികളിൽ വൈകീട്ട് നടക്കുന്ന ആഘോഷമായ ദിവ്യബലിക്ക് ഫാ അഖിൽ നെല്ലിശ്ശേരി, ഫാ ജോർജ്ജ് വേഴപറമ്പിൽ, ഫാ റോബി വളപ്പില എന്നിവർ കാർമ്മികത്വം വഹിക്കും. 23 ന് വൈകീട്ട് കോളേജ് ഓഡിറ്റോറിയത്തിൽ നടക്കുന്ന ഭക്തസംഘടനകളുടെ വാർഷികം സെന്റ് തോമസ് കത്തീഡ്രൽ വികാരി ഫാ ലാസർ കുറ്റിക്കാടൻ ഉദ്ഘാടനം ചെയ്യും. 24 ന് തിരുനാൾ ദിനത്തിൽ രാവിലെ 9.30 ന് പ്രസുദേന്തി വാഴ്ച, 10 ന് ഫാ മിനേഷ് പുത്തൻപുരയിലിന്റെ നേതൃത്വത്തിൽ തിരുനാൾ പാട്ടുകുർബ്ബാന, വൈകീട്ട് 5 ന് ഫാ ബിജു പുതുശ്ശേരിയുടെ നേതൃത്വത്തിൽ ആഘോഷമായ ദിവ്യബലി, തുടർന്ന് പ്രദക്ഷിണം എന്നിവയാണ് പരിപാടികൾ. ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് ഈ വർഷവും സഹായം നൽകും. സംഘാടകരായ ജോസ് മംഗലത്തുപറമ്പിൽ, സിജു യോഹന്നാൻ, ബാബു ആന്റണി, സ്റ്റാൻലി ഓട്ടോക്കാരൻ, വിനു ആന്റണി , വിനോയ് പന്തലിപ്പാടൻ എന്നിവരും പത്ര സമ്മേളനത്തിൽ പങ്കെടുത്തു.

വള്ളിശ്ശേരി ദേശവിളക്ക് മഹോത്സവം ഞായറാഴ്ച

ഒല്ലൂർ: വള്ളിശ്ശേരി ദേശവിളക്ക് മഹോത്സവം 24ന് ഞായറാഴ്ച വള്ളിശ്ശേരി തെക്കുമുറി പൂരാഘോഷ കമ്മിറ്റി ഓഫീസ് അങ്കണത്തിൽ വച്ച് നടക്കുന്നതാണ്. അന്നേദിവസം രാവിലെ 5.30 മണി മുതൽ ഗണപതി പൂജ, കെട്ട്നിറ, അമ്പലം കാൽനാട്ടിൽ എന്നിവയും വൈകിട്ട് 6. 30ന് ആനക്കല്ല് തൃത്താമരശ്ശേരി ശിവക്ഷേത്രത്തിൽ നിന്ന് ഉടുക്ക് പാട്ടിന്റെയും, ഗജവീരന്റെയും നാദസ്വരത്തിന്റെയും, താലത്തിന്റെയും അകമ്പടിയോടുകൂടി വിളക്കെഴുന്നള്ളിപ്പും നടക്കുന്നതാണ്.

തുടർന്ന് വിളക്കു സ്ഥലത്ത് പ്രസാദ